**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 314** | **28-06-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് പി.ഡി.എസ്. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന് മാതൃകയായ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ കാലോചിതമായി പരിഷ്കരിക്കുന്നതിനും ആധുനികവല്കരിക്കുന്നതിനും നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | NFSA, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയത് വഴി പൊതുവിതരണ രംഗത്ത് ഗുണഭോക്താക്കൾക്ക് ഫലപ്രദമായ വലിയ മാറ്റങ്ങൾ കൊണ്ട് വരാൻ സർക്കാരിന് സാധിച്ചു. സംസ്ഥാന സർക്കാർ ഏജൻസിയായ സപ്ലൈകോ FCI -യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ നേരിട്ട് വിട്ടെടുത്ത് സപ്ലൈകോയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗോഡൌണുകളിൽ എത്തിച്ച് റേഷൻ കടകളിൽ വാതിൽപ്പടിയായി നേരിട്ട് എത്തിച്ച് നൽകുന്നു. ഇത്തരത്തിൽ വിട്ടെടുപ്പും വാതിൽപ്പടി വിതരണവും സപ്ലൈകോ ഏറ്റെടുത്തത് വഴി റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നല്ല രീതിയിൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ മുൻഗണന വിഭാഗത്തിലെ ഗുണഭോക്താക്കളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പൊതുവിതരണ സംവിധാനം വഴി ചെറുധാന്യമായ റാഗിയുടെ വിതരണം ആരംഭിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന റാഗി പൊടിച്ച് പാക്കറ്റ് ആക്കി AAY, PHH വിഭാഗത്തിന് വിതരണം ചെയ്തു വരുന്നു.<br><br>സംസ്ഥാനത്തെ ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ റേഷൻ ഭക്ഷ്യധാന്യം നേരിട്ടെത്തിക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു. നിലവിൽ 10 ജില്ലകളിലായി 19 താലൂക്കുകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. |

സംസ്ഥാനത്ത് 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് (PDS) കീഴിലുള്ള കടകളിൽ നിന്ന് റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' എന്ന പേരി സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്, അതിലൂടെ, വാർദ്ധക്യവും രോഗങ്ങളും കാരണ സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അതി ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോ റിക്ഷ തൊഴിലാളികളു കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുകയാണ് സർക്കാർ ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഒപ്പം പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരു റേഷൻ സാധനങ്ങൾ എല്ലാ മാസവും 10 നു മുമ്പ് സൗജന്യമായി വീട്ടിൽ എത്തിക്കും.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പട്ടിണി നിർമാർജന ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി വിശപ്പുരഹിത കേരളം പദ്ധതി ആരംഭിക്കുകയും പദ്ധതിയുടെ ഭാഗമായി ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതിലേക്കായി 'സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുകയും ഉണ്ടായി. സുഭിക്ഷ ഹോട്ടലുകളിൽ ഉച്ചഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിന് കുടുംബശ്രീകൾ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി കരാർ ഉണ്ടാക്കി സർക്കാർ നിർദേശ പ്രകാരം 20/- രൂപയ്ക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. ഇപ്രകാര പാചകം ചെയ്ത് 20 /-രൂപ നിരക്കിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന് ഊണൊന്നിന് 5 /- രൂപ സർക്കാർ സബ്സിഡി ആയി ടി സംഘങ്ങൾക്ക് നൽകുന്നുണ്ട്. സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് പ്രാരംഭ ചെല ഇനത്തിൽ പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നു. സുഭിക്ഷ ഹോട്ടലുകളുടെ തുടർ നടത്തിപ്പിനായി വൈദ്യുതി ചാർജ്, വെള്ളക്കര കെട്ടിടവാടക (വാടക കെട്ടിടം ലഭ്യമാകാത്ത സാഹചര്യത്തിൽ), മാലിന്യനിർമാർജനം (ആവശ്യമെങ്കിൽ) എന്നിവയും അനുവദിച്ചു നൽകുന്നു. പ്രതിമാസം ഏകദേശം 3.5 ലക്ഷത്തോളം ജനങ്ങൾക്ക് സുഭിക്ഷ ഹോട്ടലുകളുടെ പ്രയോജനം ലഭിച്ചു വരുന്നു.

മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി അവരുടെ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനും, അപ്രകാരമുണ്ടാകുന്ന ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി 'ഓപ്പറേഷൻ യെല്ലോ' എന്ന പേരിൽ ഒരു പരിശോധനാ പരിപാടി പൊതുവിതരണ വകു നടത്തുന്നു.

പൊതുജനങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേക്കായി ഭക്ഷ്യ സുരക്ഷാ ശൃംഖലകളായ PDS, ICDS, MDMS എന്നീ പദ്ധതികൾ പ്രകാരം വിതരണം നടത്തിവരുന്ന അരി മൂന്ന് സൂക്ഷ്മ പോഷകങ്ങളായ അയൺ, ഫോളിക് ആസിഡ്, വിറ്റാമിൻ ബി 12 എന്നിവ ചേർത്ത് സമ്പുഷ്ടീകരിച്ച് ലഭ്യമാക്കുന്ന പദ്ധതിയാണ് റൈസ് ഫോർട്ടിഫിക്കേഷൻ. FCI ൽ നിന്നും ലഭിക്കുന്ന അരി FCI തന്നെ ഫോർട്ടിഫൈഡ് ചെയ്തു നൽകുന്നു. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന അരി (CMR) സപ്ലൈകോ ഫോർട്ടിഫൈഡ് ചെയ്ത് ലഭ്യമാക്കുന്നു. നിലവിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾ വഴിയും ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നുണ്ട്.

ആധാർ അധിഷ്ഠിത പൊതുവിതരണ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ റേഷൻ കാർഡിലെയു അംഗങ്ങളുടെ ആധാർ നമ്പർ റേഷൻ കാർഡുമായി ലിങ്ക് ചെയ്തു. റേഷൻ കടകളിൽ e PoS മെഷീൻ ഉപയോഗിച്ച് ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം ആരംഭിച്ചതോടെ റേഷൻ ഭക്ഷ്യധാന്യത്തിന്റെ ദുരുപയോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ സാധിച്ചു.

സംസ്ഥാനത്തെ പൊതുവിതരണ ശൃഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിനായി പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധ ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴ നല്കി വരുന്ന സേവനങ്ങൾക്ക് പുറമേ

| | | | |
|---|---|---|---|
| | | | പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കട ഉടമകൾക്ക് ഒരു അധിക വരുമാന മാർഗമാണ് കെ-സ്റ്റോർ പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | രാജ്യത്തെ ഭക്ഷ്യസംരക്ഷണ-വിതരണ ശൃംഖല എല്ലാ സംസ്ഥാനങ്ങൾക്കും ഏകീകൃതമാക്കുന്നതിന് കേന്ദ്ര സർക്കാർ നടപ്പാക്കുന്ന സ്മാർട്ട് പി.ഡി.എസ്. പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കാൻ നിർബന്ധിതമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സ്മാർട്ട് പി ഡി എസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 10/08/2023, 31/10/2023, 29/11/2023, 04/12/2023, 29/01/2024 എന്നീ തീയതികളിൽ വീഡിയോ കോൺഫറൻസ് മുഖേന സംസ്ഥാനത്തെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥരുമായി കേന്ദ്ര സർക്കാരിലെ ഉന്നത ഉദ്യോഗസ്ഥർ മീറ്റിങ്ങുകൾ നടത്തുകയും, പ്രസ്തുത മീറ്റിങ്ങുകളിൽ സ്മാർട്ട് പി ഡി എസ് നിർബന്ധമായും സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും രാജ്യത്തെ മറ്റ സംസ്ഥാനങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് അതാതു സംസ്ഥാനങ്ങളിലെ സർക്കാരുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദീകരണം നടത്തുകയും സംസ്ഥാനം ആയതു നടപ്പിലാക്കുന്നത് സംബന്ധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സ്മാർട്ട് പി.ഡി.എസ്. പദ്ധതി നടപ്പാക്കുക വഴി എന്തെല്ലാം ഗുണ-ദോഷങ്ങൾ ഉണ്ടാകുമെന്ന് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് സ്മാർട്ട് പി ഡി എസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും വിവിധ തലങ്ങളിൽ വിവിധ സമയങ്ങളിൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. മുൻഗണനാ വിഭാഗങ്ങൾക്കുള്ള റേഷൻ കൃത്യമായി വിതരണം ചെയ്യുന്നുണ്ടോ എന്ന് കേന്ദ്ര സർക്കാറിന് പരിശോധന നടത്തുന്നതിന് ഏകീകൃതമായ ഒരു സംവിധാനം നടപ്പിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. നിലവിൽ പല സംസ്ഥാനങ്ങളും വിവിധങ്ങളായ Software-കളാണ് ഉപയോഗിക്കുന്നത്. ഇതിന്റെ ഏകീകരണമാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കിയില്ലെങ്കിൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾ കേന്ദ്ര ഭക്ഷ്യ നിയമ പ്രകാരം നഷ്ടപ്പെടുമെന്ന് കേന്ദ്രത്തിന്റെ വ്യവസ്ഥകളിൽ നിഷ്കർച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സ്മാർട്ട് പി ഡി എസ് പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ ബാധിക്കും എന്ന് കേന്ദ്ര സർക്കാർ ഓൺലൈൻ മീറ്റിംഗുകളിൽ അറിയിച്ചിരുന്നു. |
| (ഇ) | പൊതുവിതരണ സംവിധാനം നടപ്പാക്കുന്നതിൽ സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകളും അതിന് ആവശ്യമായ തീരുമാനങ്ങളും കൈക്കൊള്ളുമോ? | (ഇ) | പൊതുവിതരണ സംവിധാനം നടപ്പാക്കുന്നതിന് സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ